നം.5630/ഇ1/2016/കെ.എസ്.എച്ച്.ഒ 25/11/2017

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ സംസ്ഥാന മിഷനിലെ **പ്രോഗ്രാം ഓഫീസർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നീ തസ്തികകളിലേയ്ക്കാണ് നിയമനം.** യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

**തസ്തിക : പ്രോഗ്രാം ഓഫീസർ (കുടുംബശ്രീ സംസ്ഥാന മിഷൻ)**

ഒഴിവ് – 1 : (വെറ്ററിനറി ഡോക്ടർമാർ മാത്രം അപേക്ഷിക്കുക)

**ശമ്പള സ്കെയിൽ** : 42500 – 87000 (പുതുക്കിയത്)

**യോഗ്യത :**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സാമൂഹിക വികസന പരിപാടികളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമവികസനം, കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, സാമൂഹികക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ**

(എറണാകുളം – 1)

ശമ്പള സ്കെയിൽ : 42500 – 87000 (പുതുക്കിയത്)

യോഗ്യത :

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സാമൂഹിക വികസന പരിപാടികളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമവികസനം, കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, സാമൂഹികക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകളിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**

**ഒഴിവുകൾ**: 3

(കൊല്ലം:1, കോഴിക്കോട് :1, മലപ്പുറം:1)

**ശമ്പള സ്കെയിൽ :** 26500 - 56700 (പുതുക്കിയത്)

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.
- സംഘാടന പാടവവും, ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തന മേഖലകളിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം.
- കൃഷി, ഗ്രാമവികസന/ സാമൂഹികക്ഷേമ/പട്ടികജാതി-പട്ടികവർഗ്ഗ വികസന/ മത്സ്യ ബന്ധന വകുപ്പുകളിലെ ഓഫീസർമാർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വിഷയങ്ങളിലെ ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) എം.എ സോഷ്യോളജി തുടങ്ങിയവ) അഭികാമ്യം.
- എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും. തെരഞ്ഞെടുപ്പ്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

**പ്രധാന തീയതികൾ**

1. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **08/12/2017 വൈകുന്നേരം 5.00 മണി**
2. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും : **12/12/2017 രാവിലെ 10.00 മണി മുതൽ**

**(ഇന്റർവ്യൂവിനായി പ്രത്യേകം കത്ത് നൽകുന്നതല്ല)**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ